(ഇ) റിസോർട്ടുകൾ സ്ഥാപിക്കുവാനുള്ള നടപടികളും ടൂറിസം വികസനത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതുമാണ് ബേക്കൽ റിസോർട്ട്സ് ഡവലപ്മെന്റ് കോർപ്പറേഷന്റെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ.

ഫാം ടൂറിസം വികസനം

*18 [409] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഫാം ടൂറിസം വികസിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഈ മേഖലയിൽ വിനോദസഞ്ചാരികളെ കൊണ്ടുവരുന്നതിനും അവർക്ക് താമസ സൗകര്യങ്ങൾ ഒരുക്കി കൃഷി സംബന്ധമായി ആശയങ്ങൾ പങ്കുവയ്ക്കുന്നതിനും ഉള്ള പദ്ധതികൾ നടപ്പിലാക്കുമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ):*

(എ) & (ബി) ഉണ്ട്. സഹകാര്യമേഖലയിൽ പല കേന്ദ്രങ്ങളിലും ടൂറിസം സർക്യൂട്ടിന്റെ ഭാഗമായി ഫാം ടൂറിസവും ഉൾപ്പെടുത്തിയിട്ടുണ്ട്. ടൂറിസം വകുപ്പിന്റെ പ്രസിദ്ധീകരണങ്ങളിലൂടെ ഇവ പ്രചരിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതുകൂടാതെ, സഹകാര്യമേഖലയുടെ പങ്കാളിത്തത്തോടെ ടൂറിസം സാദ്ധ്യതയുള്ള എസ്റ്റേറ്റുകൾ/ഫാം എന്നിവ കണ്ടെത്തി ഫാം ടൂറിസം വികസിപ്പിക്കുന്നതിന് വിപുലമായ ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ഈ പദ്ധതിക്ക് അന്തിമരൂപം ആയിട്ടില്ല.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

എസ്.എൻ.സി. ലാവ്‌ലിൻ കമ്പനി

1 [2751] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാറുകളിലെ വ്യവസ്ഥയനുസരിച്ച് എസ്.എൻ.സി. ലാവ്‌ലിൻ എന്ന കമ്പനിക്ക് ഇനിയും എന്തു തുക ബോർഡ് നൽകുവാനായി അവശേഷിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുമുമ്പായി മലബാർ കാൻസർ ആശുപത്രിക്കുവേണ്ടി എസ്. എൻ.സി. ലാവ്‌ലിൻ എന്ത് തുക ചെലവഴിക്കുകയുണ്ടായി. ആശുപത്രി പ്രവർത്തനം ആരംഭിച്ചത് ഏത് തീയതിയിലായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly